E5. 11442/17

**ഡോ. എസ്.സി. ജോഷി, IFS**
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്, തിരുവനന്തപുരം - 14
Email:pccf.for@kerala.gov.in
Phone : 0471-2339593
Fax : 2338808
തീയതി : 15.07.2017

**സർക്കുലർ നമ്പർ.07 /2017 തീയതി : 15.07.2017**

വിഷയം :- വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ഉത്തരവുകൾ പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. ഗവൺമെന്റ് കത്ത് നമ്പർ എഫ്2/232/16-വനം തീയതി, 23.02.2017.
2. ഗവൺമെന്റ് ഉത്തരവ് നമ്പർ 36/91/പി&എ.ആർ.ഡി തീയതി, 02.12.1991.
3. ഗവൺമെന്റ് ഉത്തരവ് നമ്പർ 12/96/പി&എ.ആർ.ഡി തീയതി, 16.03.1996.

15/7/17

വനം വകുപ്പിൽ ജില്ലാതല നിയമനം നിലവിലുള്ള തസ്തികകളിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് പിന്നീട് അന്തർജില്ലാ സ്ഥലംമാറ്റം വഴി മറ്റു ജില്ലകളിൽ നിയമനം ലഭിക്കുമ്പോൾ ഉണ്ടാകുന്ന സീനിയോരിറ്റി വിഷയവുമായി ബന്ധപ്പെട്ട ധാരാളം പരാതികൾ വകുപ്പിലും, ഗവൺമെന്റ് മുമ്പാകെയും ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സൂചന കത്തിലെ നിർദ്ദേശാനുസരണം ടി വിഷയവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജില്ലാതല നിയമനം നിലവിലുള്ള തസ്തികകളിലെ ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുമ്പോൾ നിലവിലുള്ള ചട്ടങ്ങളും, സൂചന ഗവൺമെന്റ് ഉത്തരവുകളിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

2. ഇത്തരത്തിൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അന്തർജില്ലാ സ്ഥലംമാറ്റങ്ങൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകൾ സ്ഥലംമാറ്റ ഉത്തരവിൽ വ്യക്തമായി സൂചിപ്പിച്ചിരിക്കേണ്ടതാണ്.

3. അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് ജോലി നോക്കുന്ന ജില്ലയിലെ സീനിയോരിറ്റി നഷ്ടപ്പെടുമെന്നുള്ളതും, പുതുതതായി നിയമനം ലഭിക്കുന്ന ജില്ലയിൽ ആ തസ്തികയിൽ ജോലി നോക്കുന്ന ഏറ്റവും ജൂനിയറായ ജീവനക്കാരന്റെ ജൂനിയറായി (താഴെയായി) മാത്രമേ സീനിയോരിറ്റി ക്രമം ലഭിക്കുകയുള്ളൂ എന്ന വിവരവും സ്ഥലംമാറ്റ ഉത്തരവിൽ പ്രത്യേകം വ്യക്തമാക്കേണ്ടതും, ആ വിവരം ടി ജീവനക്കാരന്റെ സേവനപുസ്തകത്തിൽ കൂടി രേഖപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ജീവനക്കാരന്റെ സേവനപുസ്തകത്തിൽ നിർബന്ധമായും പതിച്ചിരിക്കേണ്ടതുമാണ്.

4. ഇത്തരത്തിൽ അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നത് ജീവനക്കാരന്റെ അപേക്ഷ പ്രകാരമാണോ, അല്ലയോ എന്നുള്ള വിവരം സ്ഥലംമാറ്റ ഉത്തരവിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ഈ സർക്കുലറിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ നിയമന അധികാരികളും, ഓഫീസ് മേധാവികളും കർശനമായി പാലിക്കേണ്ടതും ഭാവിയിൽ അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് തർക്കങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

പകർപ്പ് :
1. അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (കവറിംഗ് ലെറ്റർ സഹിതം).
2. എല്ലാ ഓഫീസ് മേധാവികൾ/സെക്ഷൻ തലവൻ/ സ്റ്റോക്ക് ഫയൽ.

*D:\Neethu 17\Circular\Circular Inter dpt transfer - Seniority6.7.17.doc*